بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 26/12/14
## (03 RABI"UL AWWAL 1436 Hijiri)
## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനു ശേഷം തശഹ്ഹുദ്, തഅവ്വുദ്, സൂറഃ അൽഫാത്തിഹ ഓതിയശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ പറഞ്ഞു.

ഇന്ന് 2014 ഡിസംബർ 26. ഡിസംബറിലെ അവസാനത്തെ വെള്ളിയാഴ്ച ഹിജ്റ 1436 റബീഉൽ അവ്വൽ മാസത്തിലെ ആദ്യത്തെ ഖുത്തുബ.

നമ്മുടെ ജീവിതത്തിലെ ഒരു പുതിയ അദ്ധ്യായം തുറക്കുകയാണ്. പെട്ടെന്നും വ്യക്തമായും മനസ്സിലാക്കുകയും, ചിന്തിക്കുകയും, ജീവിതത്തെ ഒന്നപഗ്രഥിക്കുകയും ചെയ്യേണ്ടുന്ന നിമിഷം. സർവ്വ ശക്തനായ ദൈവം, അല്ലാഹു (ത) നൽകിയ ഈ ജീവിതത്തെക്കുറിച്ച് ഒരു നിമിഷം ചിന്തിക്കേണ്ട സമയം! തീർച്ചയായും മനുഷ്യജീവിതം ഒരു ജ്വാല പോലെയാണ്. പ്രഭാതത്തിൽ നാം അത് കത്തിക്കുന്നു. പ്രദോഷത്തിൽ അത് അണയുന്നു. ലോകത്തെപ്പറ്റി പൊതുവെ പറഞ്ഞാൽ നാം ഒരു പുതിയ വർഷത്തിൽ പ്രവേശിക്കുകയാണ് എന്ന് പറയാം. ചിലർ പുതുവർഷത്തെക്കുറിച്ച് അപഗ്രഥനങ്ങൾ നടത്തുന്നു; ചിലർ കഴിഞ്ഞ വർഷത്തെക്കുറിച്ച് തങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു; മറ്റുചിലർ വിനോദത്തിൽ മുഴുകുന്നു. അവർ അവരുടെ ഭാവിയെ അവഗണിക്കുന്നു.

വിശ്വാസികളെ സംബന്ധിച്ചിടത്തോളം, ചിന്തിക്കുന്ന ജനത, അവർക്ക് നന്നായി അറിയാം സമയം ഓടി മറഞ്ഞുകൊണ്ടിരിക്കുകയാണെന്ന്. അവരുടെ ജീവിതത്തിൽ ഈ വർഷം മരിച്ചു കഴിഞ്ഞിരിക്കുന്നു. ആ ദിവസങ്ങൾ, ആ രാത്രികൾ, ആ നിമിഷങ്ങൾ അതിൽ അവർ ഒരിക്കലും ജീവിക്കില്ല എന്നവർ തിരിച്ചറിയുന്നു. കാരണം കഴിഞ്ഞത് കഴിഞ്ഞത് തന്നെയാണ്. അത് ഒരിക്കലും മടങ്ങി വരുന്നതല്ല. അവർ പ്രായമായികൊണ്ടിരിക്കുകയാണ്. എന്നവർ തിരിച്ചറിയുന്നു. തങ്ങളുടെ നാഥനെ കണ്ടുമുട്ടേണ്ട സമയം സമീപിച്ചുകൊണ്ടിരിക്കുന്നു. സാത്വികരും നിഷ്കളങ്കരുമായവർ, ഈ താത്ക്കാലിക ലോക ജീവിതത്തെ ജയിൽ ജീവിതമായി മനസ്സിലാക്കുന്നവർ; തങ്ങളുടെ നാഥനുമായി കണ്ടു മുട്ടുമ്പോൾ ഉള്ളകാര്യത്തെക്കുറിച്ച് ചിന്തിക്കുന്നതിലാണവർക്ക് സന്തോഷം. താഴെപ്പറയുന്ന പ്രവാചക വചനത്തിലൂടെ സുവ്യക്തമാകുന്നതതാണ്.

നമ്മുടെ പ്രവാചക പ്രഭുവായ മുഹമ്മദ് മുസ്തഫ (സ) യുടെ അരികിൽ ഏതാനും അനുചരന്മാർ വരികയുണ്ടായി. എന്നിട്ട് അദ്ദേഹത്തോട് ചോദിച്ചു. പ്രവാചകരെ ! ഏറ്റവും ബുദ്ധിമാനായ മനുഷ്യൻ ആരാണ് ? അദ്ദേഹം പ്രതിവചിച്ചു. **"മരണത്തെക്കുറിച്ച് ഏറ്റവും കൂടുതൽ ചിന്തിക്കുന്നവർ ; അതിനുവേണ്ടി ഏറ്റവും നന്നായി തയ്യാറെടുക്കുന്നവർ അവരാണ് ഏറ്റവും വലിയ ബുദ്ധിമാൻമാർ. അവർ ഈ ലോകത്തിന്റെ സ്വഭാവമാഹാത്മ്യം മനസ്സിലാക്കി കടന്നുപോയവരും, പരലോകത്തിന്റെ മഹത്വം അറിഞ്ഞവരുമാണ്."**

സഹാബാക്കൾ വീണ്ടും ചോദിച്ചു. **" വികാരങ്ങളെ നശിപ്പിക്കുന്നത് എന്താണ് ?"** പ്രവാചകർ പ്രതിവചിച്ചു. **"മരണം"** (ഇബ്നു മാജ, ത്വബറാനി)

**" ഓരോ ആത്മാവും മരണത്തെ രുചിക്കുന്നതാണ്."** (3:186)

ചെറുതെന്നോ, വലുതെന്നോ, പണക്കാരനെന്നോ, പാവപ്പെട്ടവനെന്നോ, പ്രായം കൂടിയവനെന്നോ, പ്രായം കുറഞ്ഞവനെന്നോ, വെളുത്തവനെന്നോ, കറുത്തവനെന്നോ നോക്കാതെ മരണം എല്ലാവരിലും കടന്നു വരുന്നതാണ്.! ഈ ഭൂമുഖത്തുള്ള ജീവനുള്ള എല്ലാത്തിനേയും ബാധിക്കുന്നതാണ് മരണം എന്നത് ഒരു യാഥാർത്ഥ്യമാണ്.

നാം മരണത്തെ മറക്കുകയാണെങ്കിൽ ലോകത്തിലെ എല്ലാ കാര്യങ്ങളും മാറ്റമില്ലാത്ത ഈ സത്യം നമ്മെ ഓർമ്മിപ്പിക്കുന്നു. എല്ലാറ്റിനും ഉണ്ട് ഒരവസാനം. സൂര്യൻ ഓരോ ദിവസവും അസ്തമിക്കുന്നു. അതുപോലെ ഒരു ദിനം നമ്മുടെ ജീവിതവും അവസാനിക്കും. ജീവ ശ്വാസത്താൽ ജീവിക്കുന്നതെല്ലാം അതിന്റെ അന്ത്യത്തെക്കുറിച്ച് വിശ്രമമില്ലാതെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഹസ്രത് അബൂബക്കർ സിദ്ദീഖ് (റ) പറഞ്ഞു. **"ഓരോ മനുഷ്യനും തന്റെ കുടുംബത്തിൽ നിന്ന് പ്രഭാതത്തിൽ ഉണർന്നെഴുന്നേൽക്കുന്നു.; മരണമോ തന്റെ ചെരിപ്പു വള്ളിയേക്കാൾ സമീപത്തും."**

ഹസ്രത് ഉമർ (റ) പറയുമായിരുന്നു **"ഹേ ഉമർ, ഉപദേശകനായി മരണം മതിയായവനാണ്."**

സഹീഹായ ഹദീസിൽ നബി (സ) പറഞ്ഞു. **" ഞാൻ അറിഞ്ഞത് നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ, നിങ്ങൾ അല്പം, ചിരിക്കുകയും, കൂടുതൽ കരയുകയും ചെയ്യുമായിരുന്നു."** നമ്മുടെ ജീവിതത്തിൽ മരണത്തിനും ഒരിടമുണ്ടായിരിക്കണം. നമ്മുടെ ഉറപ്പായ സുഹൃത്താണത് ! പ്രഭാതത്തിൽ നാം ഉണരുമ്പോൾ, രാവാകുന്നത് കാണാമെന്ന് നമുക്ക് ഉറപ്പില്ല. ! നാം പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ, അത് പൂർത്തിയാക്കുമെന്ന് നമുക്ക് ഉറപ്പില്ല. ഒരു വിശ്വാസി മരണത്തെ ഭയപ്പെടുന്നവനല്ല.; മറിച്ച് അവൻ അതിനെ അംഗീകരിക്കുന്നു. അവൻ ഭൂമിയിൽ ചെലവഴിക്കുന്ന ഓരോ നിമിഷവും, അവൻ നന്മകൾ കൊണ്ട് നിറയ്ക്കുന്നു; ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. അല്ലാഹുവിന്റെ തൃപ്തി തന്നിലേക്ക് എത്തിച്ചേരാനായി.

ദിനങ്ങൾ കൊഴിഞ്ഞു വീഴുന്നത് വളരെ വേഗത്തിലാണ്. നമ്മുടെ പ്രിയങ്കരരായ ഹസ്രത് മുഹമ്മദ് (സ) യും മരണത്തിലൂടെ കടന്നുപോയി. മറിയം (റ) ന്റെ മകൻ ജീസസ്സും (അ) അപ്രകാരം കടന്നു പോയി. ക്രിസ്തുമതവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരാഘോഷം ക്രിസ്തുമസിന് ശേഷം ആഘോഷിക്കുന്നത് ആദരണീയമായി കാണുന്ന ഒരു ജനം ! ഇത് അപമാനകരമാണ്. ഒരു യഥാർത്ഥ ക്രിസ്ത്യാനി ക്രിസ്തുവിന്റെ യഥാർത്ഥ അനുയായിയായിരിക്കണം. പഴകിയ കാടൻ ആചാരങ്ങളുടെ അനുയായിയായിരിക്കരുത്, പഴകിയ കെട്ടുകഥകളുടെ അനുയായി ആയിരിക്കരുത് ! സുവിശേഷാനുസരണമായ അദ്ധ്യാപനങ്ങളെ തളർത്തുന്നതും കെട്ടിച്ചമച്ചതുമായ കഥകളാണത്. അതുകൊണ്ടാണ് ഇസ്‌ലാം സ്ഥാപിക്കപ്പെട്ടത്. ഭൂമിയിൽ ദൈവരാജ്യം തിരികെ കൊണ്ടുവരുവാൻ. എല്ലാ ദൈവദൂതന്മാരുടെയും അദ്ധ്യാപനങ്ങളെ സ്ഥാപിക്കുവാനും ദൈവ കല്പനകൾ സംരക്ഷിക്കുവാനുമായി.

ഹേ ! മുസ്‌ലീം ! നിങ്ങളുടെ രക്ഷകൻ കരുണാമയനായ ദൈവമാകുന്നു. പിശാചിന്റെ പ്രേരണകൾക്ക് അടിമപ്പെട്ട് നിങ്ങൾ കബളിപ്പിക്കപ്പെടരുത്. അവൻ നിങ്ങളുടെ സൃഷ്ടാവിന്റെ കരങ്ങളിൽ നിന്നും നിങ്ങളെ മാറ്റി നിർത്തുവാൻ ശ്രമിക്കുന്നവനാണ്. നിങ്ങളുടെ മരണസമയത്തെക്കുറിച്ച് കൂടുതലായി ചിന്തിക്കുക. സമ്പൂർണ്ണ ഉടമസ്ഥന്റെ മുമ്പാകെ നിങ്ങളെ നഗ്നനായി നിർത്തുന്നതാണ്. അന്തിമ വിധിക്കായി നിങ്ങളുടെ ജീവിതത്തെ ഒരു തുറന്ന പുസ്തകമായി മാറ്റുന്നതാണ്. നിങ്ങൾ ഒരു മുസ്‌ലീം ആകുന്നു. നിങ്ങൾ ഒരു മുസ്‌ലീം ആയിരിക്കണം. നിങ്ങൾ, ആധുനിക ലോകത്തിലെ ചപലതകളുടെ അനുയായിയായിരിക്കരുത്. ഒരു മുസ്‌ലീം ആയിരിക്കണം. യഥാർത്ഥ മുസ്‌ലീം ആയിരിക്കണം. ഒരു ക്രിസ്ത്യാനി യഥാർത്ഥ ക്രിസ്ത്യാനിയായിരിക്കണം. ജീസസ്സിന്റെ

യഥാർത്ഥ അനുയായികൾ തീർച്ചയായും ശ്രദ്ധിക്കണം. മുസ്‌ലീംകൾ ദൈവത്തിന്റെ എല്ലാ പ്രവാചകന്മാരെയും വിശ്വസിക്കുന്നു; അവരെ ഉന്നത സ്ഥാനീയരായി കാണുന്നു. ദൈവ സ്നേഹത്താൽ അവർ അവരെയെല്ലാം സ്നേഹിക്കുന്നു. അല്ലയോ മുസ്‌ലീം ; ദൈവത്തിന് കീഴ്പ്പെടുക. ഭൂമിയിൽ നിങ്ങളുടെ ജീവിത സമയം പരിമിതമാണ്. നിങ്ങളുടെ വിശ്വാസ പ്രകാശത്താൽ, ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ ലോകമെങ്ങും പ്രകാശമാനമാകട്ടെ !

യാ അല്ലാഹ് ! ഞങ്ങളുടെ മേൽ കരുണ ചൊരിയേണമെ ! ഞങ്ങളെ നിന്റെ നിഷ്കളങ്ക ദാസന്മാരാക്കേണമെ ! രാവും പകലും നിന്നെ കണ്ടു മുട്ടുന്നതിനുള്ള ജാഗ്രതയിൽ ഞങ്ങളെ ആക്കേണമേ ! സ്വർഗ്ഗത്തിൽ ഞങ്ങളെ കാത്തിരിക്കുന്നിടത്തേക്ക് പുഞ്ചിരിയോടെ പ്രവേശിപ്പിക്കണമേ ! നിന്റെ കാരുണ്യത്തിന്റെ സൗഭാഗ്യത്തിൽ പ്രകാശിപ്പിക്കുകയും ഞങ്ങളെ ഈ ലോകത്തും പരലോകത്തും അപ്രകാരം പ്രകാശം ചൊരിയുന്ന നക്ഷത്രങ്ങളാക്കി തീർക്കുകയും ചെയ്യേണമേ ! യാ അല്ലാഹ് ! രോഗികളുടെ മേൽ കരുണ ചൊരിയേണമെ ! പാവപ്പെട്ടവരുടെ മേൽ കരുണ ചൊരിയേണമേ ! പണക്കാരുടെ മേൽ കരുണ ചൊരിയേണമെ ! അറിവില്ലാത്തവരുടെ മേൽ കരുണ ചൊരിയേണമേ ! മറ്റു വിഭാഗങ്ങളിലും കരുണ ചൊരിയേണമേ ! അങ്ങനെയായാൽ ഒരു പക്ഷേ അവർ അന്തിമമായി സത്യം മനസ്സിലാക്കിയേക്കാം. യഥാർത്ഥ ജീവിതം എന്നത് നീ നിറയെ ഉള്ള ജീവിതമാണെന്ന്! മറ്റൊന്നുമില്ലായെന്നും ! നീ മാത്രമാണുള്ളതെന്നും ! ആമീൻ !.


**Translated & Issued By**

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 9495207982 / 0475 2220223*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*


*****************